## ഒന്നാം യൂണിറ്റ് വിലയിരുത്തൽ

### ചോദ്യപേപ്പർ 1

### മലയാളം

3/4 മണിക്കൂർ

1.ആർട്ട് അറ്റാക്ക് എന്ന കഥയിലെ മകൾ വരച്ച ചിത്രത്തിൽ അച്ഛന് സ്വന്തം മുഖം കാണുവാൻ കഴഞ്ഞില്ല.മകൾ ആ ചിത്രത്തിൽ അച്ഛനെ കാണുന്നു. ഇരുവരും തമ്മിലുള്ള കാഴ്ചപ്പാടിന്റെ ഈ വ്യത്യാസം അടിസ്ഥാനമാക്കി കുറിപ്പെഴുതുക.

4

2.ഹംസവും ദമയന്തിയും കഥകളിയിൽ കെട്ടുന്ന വേഷത്തിന്റെ പ്രത്യേകതകൾ കുറിപ്പാക്കി എഴുതുക.

4

3.അങ്ങനെയൊന്നൂായിട്ടല്ല.....ന്നാലൊന്നൂല്ല്യാന്നങ്ങട് പറയാൻ വയ്യാനീം.—മുരിഞ്ഞപ്പേരീം ചോറും എന്ന പാഠഭാഗത്തിൽ ചാക്യാർ പറയുന്ന വാമൊഴിയുടെ ശക്തിയെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക

4

4.ആർട്ട് അറ്റാക്കിലെ ശിവരാമനും , മുരിഞ്ഞപ്പേരീം ചോറും എന്ന പാഠഭാഗത്തിലെ വിദൂഷകനും ദരിദ്രരാണ്.ഇരുവരും ദാരിദ്ര്യത്തെ സമീപിക്കുന്നത് വ്യത്യസ്തമായാണ്.ഒരു താരതമ്യക്കുറിപ്പ് തയ്യാറാക്കുക ..

8

## ഒന്നാം യൂണിറ്റ് വിലയിരുത്തൽ

### ചോദ്യപേപ്പർ 2

### മലയാളം

3/4 മണിക്കൂർ

1.ആർട്ട് അറ്റാക്ക് കഥയിലെ കഥയിലെ ശിവരാമന്റെ ചിത്രനിരൂപണം അപ്രത്യക്ഷമായതിനു പിന്നിൽ പത്രങ്ങളുടെ പ്രചാര തന്ത്രമാണ് കാണുന്നത്.ഇതിനെ അടിസ്ഥാനമാക്കി പത്രാധികർക്ക് ഒരു കുറിപ്പെഴുതുക.

4

2.കൂടിയാട്ടം കഥകളി പോലുള്ള കലാരൂപങ്ങൾ ആർട്ട് അറ്റാക്കിൽ കാണുന്ന ആധുനിക സമൂഹത്തിന് താൽപ്പര്യമുള്ളതാണോ? നാടിന്റെ പഴമയുടെ കലാരൂപങ്ങൾ സംരക്ഷിക്കണോ?ഒരു ചർച്ചാക്കുറിപ്പ് തയ്യാറാക്കുക.

4

3.രാജ്യം ഭരിക്കുന്ന രാജാവിനോട് ദാരിദ്ര്യം അറിയിക്കുന്ന വിദൂഷകൻ ഈ കാലഘട്ടത്തിന്റെയും വിചാരകനാണെന്ന് പറയാമോ .ഇന്നത്തെ ഭരണാധികളോട് നാട്ടിലെ ജനകീയ പ്രശ്നങ്ങൾ അറിയിക്കുവാൻ വിദൂഷകന്റെ ശൈലി സ്വീകരിക്കാമോ?ഒരു ഇന്റർവ്യൂവിലെ പത്ത് ചോദ്യ ഉത്തരങ്ങൾ തയ്യാറാക്കുക.

4

4.ബന്ധനം ചെയ്യേ നീ മാം.ബന്ധുവത്രേ...ഹംസത്തിന്റെ ഈ സംഭാഷണത്തിൽ ബന്ധുവായി വരുന്ന ഹംസം ദമയന്തിയുടെ മനസ്സ് അറിയുവാൻ ശ്രമിക്കുന്നു.വിവാഹത്തിൽ മനപ്പൊരുത്തം വളരെ പ്രധാനമാണെന്ന് ഉണ്ണായിവാര്യർ ഈ സന്ദർഭത്തിൽ അറിയിക്കുകയല്ലേ.ഹംസം ദമയന്തിയോട് സംസാരിക്കുന്നതിലെ ചാതുര്യം അടിസ്ഥാനമാക്കി ഈ വിഷയത്തെ വിലയിരുത്തി കുറിപ്പെഴുതുക.

8